ജന്മഭൂമി 18 January 2017

# മത്സ്യമേഖലയുടെ വികസനം: ശാസ്ത്രജ്ഞരുമായി മന്ത്രി കൂടിക്കാഴ്ച നടത്തി

കൊച്ചി: മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര ജലപരിഷ്കരണ നിയമം രൂപപ്പെടുത്തുന്നതിന് ശാസ്ത്രസമൂഹത്തിന്റെ സഹകരണം വേണമെന്ന് മന്ത്രി ഡോ. തോമസ് ഐസക്ക്. കേന്ദ്ര സമുദ്ര ഗവേഷണ സ്ഥാപനത്തിൽ വിവിധ വകുപ്പു മേധാവികളുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടൽ ജീവികളിൽ നിന്നുള്ള മൂല്യവർധിത ഉൽപാദനം കാര്യക്ഷമമാക്കണം. അഷ്ടമുടിക്കായലിലെ കക്ക വർഗ്ഗങ്ങൾക്ക് രാജ്യാന്തര ഏജൻസിയായ മറൈൻ സ്റ്റീവാർഡ്ഷിപ്പ് കൗൺസിലിന്റെ (എംഎസ്‌സി) അംഗീകാര പത്രം ലഭ്യമാക്കിയതു പോലെ വേമ്പനാട് കായലിലെ കക്കയുടെ സുസ്ഥിര പരിപാലനത്തിലും ഗുണമേൻമയുള്ള ഉൽപാദനത്തിനും സിഎംഎഫ്ആർഐ മുൻകയ്യെടുക്കണം. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് സഹായകരമാകുന്ന ഗവേഷണ പദ്ധതികൾക്ക് സംസ്ഥാന സർക്കാറിന്റെ സഹകരണമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

സിഎംഎഫ്ആർഐ യുടെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഡയറക്ടർ ഡോ ഗോപാലകൃഷ്ണൻ വിശദീകരിച്ചു. വിവിധ ഡിവിഷൻ മേധാവികളായ ഡോ ആർ നാരായണകുമാർ, ഡോ. പി വിജയഗോപാൽ, ഡോ ടി വി സത്യാനന്ദൻ, ഡോ കെ കെ ജോഷി, ഡോ പി യു സക്കറിയ, ഡോ വി കൃപ, ഡോ ഇമൽഡ ജോസഫ്, ഡോ ബോബി ഇഗ്നേഷ്യസ് എന്നിവർ പങ്കെടുത്തു.



മത്സ്യമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് ധനകാര്യമന്ത്രി ഡോ തോമസ് ഐസക്ക് സിഎംഎഫ്ആർഐ ഡയറക്ടർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുമായി ചർച്ച നടത്തുന്നു